**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6341** **10-07-2024 - ൽ മറുപടിയ്ക്ക്**

**തിരൂർ നിയോജകമണ്ഡലത്തിലെ വാട്ടർ കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ നിയോജകമണ്ഡലത്തിൽ കുടിവെള്ള കണക്ഷനുവേണ്ടി നിലവിൽ എത്ര അപേക്ഷകൾ ഉണ്ടെന്നുള്ള വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ; | (എ) | തിരൂർ നിയോജക മണ്ഡലത്തിൽ തിരുനാവായ പഞ്ചായത്ത് (2864), മാറാക്കര പഞ്ചായത്ത് (3008) ആതവനാട് പഞ്ചായത്ത് (1334) കണക്ഷനുകളുടെ അപേക്ഷകൾ ജല ജീവൻ മിഷനിൽ നിലനിൽക്കുന്നുണ്ട്. |
| (ബി) | നിലവിലെ അപേക്ഷകളിൽ വാട്ടർ കണക്ഷൻ നൽകുവാൻ സാധിക്കാത്ത അപേക്ഷകളുടെ എണ്ണം എത്രയാണെന്നും അതിന്റെ കാരണം എന്താണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് അറിയിക്കാമോ; | (ബി) | ഇത്തരത്തിലുള്ള അപേക്ഷകൾ ഒന്നും തന്നെ നിലവിൽ ഇല്ല. |
| (സി) | തിരൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിലെ കിണറുകളിൽ വെള്ളത്തിൽ ഉപ്പിന്റെ അംശം ഉള്ളതിനാൽ വാട്ടർ കണക്ഷൻ ലഭ്യമാക്കണമെന്ന ആവശ്യം ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ വാർഡ് മെമ്പർമാരിൽ നിന്നോ സംഘടനകളിൽ നിന്നോ കൂട്ടായ്മകളിൽ നിന്നോ ജല അതോറിറ്റിക്ക് ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | കിണറുകളിലെ വെള്ളത്തിന് ഉപ്പിന്റെ അംശം ഉള്ളതിനാൽ വാട്ടർ കണക്ഷൻ ലഭ്യമാക്കണമെന്ന ആവശ്യം മംഗലം, നിറമരുതൂർ പഞ്ചായത്തുകളിൽ നിന്നും തിരൂർ മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ആയതു പരിഹരിക്കുന്നതിനായി ജലജീവൻ മിഷൻ (പഞ്ചായത്ത് പരിധിയിൽ), അമൃത്-2 പദ്ധതികളിലായി (തിരൂർ മുനിസിപ്പാലിറ്റി) ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ